**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 783** **14-10-2026-ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ ഭൂപ്രശ്നം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാൻ്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു. കൂടാതെ സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ലാൻ്റ് ബാങ്ക് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും നിലനിർത്തിക്കൊണ്ട്, സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ(കൈ) നം. 44/2025/SCSTD തീയതി 10.11.2025, സ.ഉ (കൈ) നം. 49/2025/SCSTD തീയതി 24.12.2025 പ്രകാരം ഉത്തരവായിട്ടുണ്ട്.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 42078 പേർക്കായി 52052.97 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള പുരോഗതി വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 5615 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിയ്ക്കായി നടത്തിവന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമ പ്രകാരം 33 കുടുംബങ്ങൾക്ക് 20 സെൻ്റ് മുതൽ 50 സെൻ്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.

- കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ച വന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് ഭൂമി വീതം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങി നൽകി.
- പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 37 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 31 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.
- തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽ നിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര മേഖലയിലെ 17 നടാംപാടം കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.
- മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്കു ഒരേക്കർ വീതം ഭൂമി അനുവദിച്ചു.
- മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 37 ഹെക്ടർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- തൃശ്ശൂർ ജില്ലയിലെ ഒളകരയിൽ പതിറ്റാണ്ടുകളായുള്ള ഉന്നതി നിവാസികളുടെ ഭൂമിയ്ക്കായുള്ള കാത്തിരിപ്പ് അവസാനിപ്പിച്ച് 44 കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം 1.5 ഏക്കർ വീതം ഭൂമിയ്ക്ക് വ്യക്തിഗത അവകാശം നൽകി.

**(ബി)** നിലവിൽ എത്ര ആദിവാസി കുടുംബങ്ങളാണ് ഭൂരഹിതരായി ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**മറുപടി:** ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ -എണ്ണം 5556. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

ലാന്റ് ബാങ്ക് പദ്ധതി – പുരോഗതി

| ജില്ല | വാങ്ങിയ ഭൂമിയുടെ വിസ്തൃതി (ഏക്കര്) | വിതരണം ചെയ്ത ഭൂമിയുടെ വിസ്തൃതി (ഏക്കര്) | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്യാനുള്ള ഭൂമിയുടെ വിസ്തൃതി (ഏക്കര്) | നിലവിലെ ഭൂരഹിതരുടെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 2.49 | 1.5 | 10 | 0.99 | 0 |
| കൊല്ലം | 2.68 | 1.5 | 12 | 1.18 | 18 |
| ആലപ്പുഴ | 0 | 0 | 0 | 0 | 133 |
| പത്തനംതിട്ട | 5.3 | 0 | 0 | 5.3 | 79 |
| കോട്ടയം | 2.15 | 2.15 | 18 | 0 | 142 |
| ഇടുക്കി | 0 | 0 | 0 | 0 | 341 |
| എറണാകുളം | 7.06 | 0 | 0 | 7.06 | 67 |
| തൃശ്ശൂര് | 0 | 0 | 0 | 0 | 106 |
| പാലക്കാട് | 27.83 | 26.32 | 107 | 1.51 | 296 |
| മലപ്പുറം | 5.26 | 5.26 | 34 | 0 | 417 |
| കോഴിക്കോട് | 8.34 | 8.34 | 41 | 0 | 108 |
| വയനാട് | 23.49 | 15.26 | 131 | 8.23 | 3085 |
| കണ്ണൂര് | 0 | 0 | 0 | 0 | 167 |
| കാസര്ഗോഡ് | 37.78 | 35.31 | 142 | 2.47 | 597 |
| **ആകെ** | **122.38** | **95.64** | **495** | **26.74** | **5556** |

വനാവകാശ നിയമം പുരോഗതി

| ജില്ല | നല്കിയ കൈവശരേഖകളുടെ എണ്ണം | വിസ്തൃതി (ഏക്കര്) |
|---|---|---|
| തിരുവനന്തപുരം | 6202 | 8031.84 |
| കൊല്ലം | 1158 | 983.76 |
| പത്തനംതിട്ട | 1174 | 759.66 |
| കോട്ടയം | 1406 | 1566.28 |
| | | |

| | | |
|---|---|---|
| ഇടുക്കി | 8488 | 14631.93 |
| എറണാകുളം | 1164 | 2280.02 |
| തൃശ്ശൂർ | 867 | 899.89 |
| പാലക്കാട് | 2066 | 4176.56 |
| മലപ്പുറം | 945 | 710.36 |
| കോഴിക്കോട് | 11 | 6.87 |
| വയനാട് | 5017 | 3542.25 |
| കണ്ണൂർ | 1121 | 1685.28 |
| **ആകെ** | **29619** | **39274.70** |

**നിക്ഷിപ്ത വനഭൂമി വിതരണം – പുരോഗതി**

| ജില്ല | വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കാസർഗോഡ് | 75 | 150 |
| വയനാട് | 2490.81 | 1563 |
| മലപ്പുറം | 200.8 | 604 |
| പാലക്കാട് | 2497.22 | 1900 |
| **ആകെ** | **5263.83** | **4217** |

**റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭൂമിയുടെ വിസ്തൃതി (ഏക്കർ) |
|---|---|---|
| കൊല്ലം | 160 | 138.28 |
| ആലപ്പുഴ | 35 | 7.67 |
| പത്തനംതിട്ട | 33 | 15.74 |
| കോട്ടയം | 19 | 19.00 |
| ഇടുക്കി | 949 | 1460.00 |
| എറണാകുളം | 395 | 428.80 |
| തൃശ്ശൂർ | 37 | 13.18 |
| പാലക്കാട് | 97 | 21.84 |
| മലപ്പുറം | 61 | 46.38 |
| കോഴിക്കോട് | 420 | 600.00 |
| വയനാട് | 503 | 324.60 |
| കണ്ണൂർ | 3937 | 3813.37 |
| കാസർഗോഡ് | 114 | 123.43 |
| **ആകെ** | **6760** | **7012.29** |

## ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭൂമിയുടെ വിസ്തൃതി (ഏക്കർ) |
|---|---|---|
| കൊല്ലം | 20 | 10.17 |
| ആലപ്പുഴ | 20 | 8.08 |
| പത്തനംതിട്ട | 63 | 21.76 |
| കോട്ടയം | 41 | 10.50 |
| ഇടുക്കി | 16 | 11.98 |
| എറണാകുളം | 23 | 5.60 |
| തൃശ്ശൂർ | 22 | 5.30 |
| പാലക്കാട് | 64 | 19.01 |
| മലപ്പുറം | 26 | 7.35 |
| കോഴിക്കോട് | 6 | 1.71 |
| വയനാട് | 315 | 143.46 |
| കാസർഗോഡ് | 200 | 141.14 |
| **ആകെ** | **816** | **386.04** |

## പ്രളയ പുനരധിവാസ പദ്ധതി

പ്രളയ പുനരധിവാസ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 171 കുടുംബങ്ങളെ 20.47 ഏക്കർ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിച്ചു.

**<u>അനുബന്ധം 2</u>**

| ജില്ല | നിലവിലെ ഭൂരഹിതരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 18 |
| ആലപ്പുഴ | 133 |
| പത്തനംതിട്ട | 79 |
| കോട്ടയം | 142 |
| ഇടുക്കി | 341 |
| എറണാകുളം | 67 |
| തൃശ്ശൂർ | 106 |
| പാലക്കാട് | 296 |
| മലപ്പുറം | 417 |
| കോഴിക്കോട് | 108 |
| വയനാട് | 3085 |
| കണ്ണൂർ | 167 |
| കാസർഗോഡ് | 597 |
| **ആകെ** | **5556** |